ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ഷിബു. എ.റ്റി)

തിരുവനന്തപുരം

നമ്പർ. PTGD/280/2022-E8 തീയതി. 01/06/2023

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - റീഡിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സർക്കാർ ഉത്തരവ് (അച്ചടി) നം. 19/2016/ഉ.വി.വ, തീയതി 30/09/ 2016.
2. കേരള സർക്കാരിന്റെ 30/09/2016 ലെ 1695 -ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള സ്പെഷ്യൽ റൂൾ ഫോർ കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസസ്.
3. സർക്കാർ ഉത്തരവ് (അച്ചടി) നം. 3/2017/ഉ.ഭ.പ.വ, തീയതി 25/02/2017.
4. കണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ സീനിയർ റീഡർ ശ്രീമതി കെ. ഉഷയുടെ സ്ഥലമാറ്റ അപേക്ഷ.
5. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് റീഡർ ശ്രീ.സാഗർ ശിവദാസ് സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷ.
6. കണ്ണൂർ ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് റീഡർ ശ്രീ. കെ. ദേവരാജൻ സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷ.
7. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് റീഡർ ശ്രീമതി കെ. ശോഭിത സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പിലെ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ സീനിയർ റീഡർ മാരായ ശ്രീ.ബി.രാജേന്ദ്രപ്രസാദ്, ശ്രീ.എസ്.എസ്.സുജിത്ത് എന്നിവർ യഥാക്രമം 30.04.2023, 31.05.2023 തീയതികളിൽ സർവ്വീസിൽ നിന്നും അധിവർഷ പെൻഷൻ പറ്റി വിരമിച്ചതിനെ തുടർന്ന് രണ്ട് സീനിയർ റീഡർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ടി തസ്തികകളിലേയ്ക്ക് പരാമർശം 4, 5, 6, 7 പ്രകാരമുള്ള അപേക്ഷകൾ പരിഗണിച്ച് സീനിയർ റീഡർ, ഒന്നാം ഗ്രേഡ് റീഡർ, രണ്ടാം ഗ്രേഡ് റീഡർ എന്നീ തസ്തികകളിലേയ്ക്ക് താഴെ പറയുന്ന പ്രകാരമുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ഒഴിവുകളിലേയ്ക്ക് പരാമർശം (3) പ്രകാരമുള്ള സർക്കാരിന്റെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ചും പരാമർശത്തിലെ ജീവനക്കാരുടെ അപേക്ഷകൾ പരിശോധിച്ച്,

ഒഴിവുകളുടെ അടിസ്ഥാനത്തിൽ പരിഗണിക്കപ്പെടേണ്ട അപേക്ഷകൾ പരിഗണിച്ചും, മറ്റുള്ള ജീവനക്കാരുടെ അപേക്ഷകൾ തുടർന്നുവരുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കാവുന്നതാണെന്ന വ്യവസ്ഥയിൽ അച്ചടി വകുപ്പിലെ റീഡിംഗ് വിഭാഗത്തിൽ താഴെ പറയുന്ന പ്രകാരമുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നൽകി നിയമിക്കപ്പെടുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം |
|---|---|---|---|
| 1. | ശ്രീമതി.കെ.ഉഷ<br>സീനിയർ റീഡർ<br>ഗവ. പ്രസ്സ്, കണ്ണൂർ | സ്ഥലംമാറ്റം<br>സീനിയർ റീഡർ<br>ഗവ.സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം<br>(അപേക്ഷ പ്രകാരം) | ശ്രീ. ബി.രാജേന്ദ്രപ്രസാദ് വിരമിച്ച ഒഴിവിൽ |
| 2. | ശ്രീ.സാഗർ ശിവദാസ്<br>ഒന്നാം ഗ്രേഡ് റീഡർ<br>ഗവ.സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം | സ്ഥാനക്കയറ്റം<br>സീനിയർ റീഡർ<br>(43400-91200)<br>ഗവ.സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം | ശ്രീ. എസ്.എസ്. സുജിത്ത് വിരമിച്ച ഒഴിവിൽ |
| 3. | ശ്രീ.വി.ബൈജുലാൽ<br>ഒന്നാം ഗ്രേഡ് റീഡർ<br>ഗവ.സെൻട്രൽ പ്രസ്സ്<br>തിരുവനന്തപുരം | സ്ഥാനക്കയറ്റം<br>സീനിയർ റീഡർ<br>(43400-91200)<br>ഗവ. പ്രസ്സ്, കണ്ണൂർ | ശ്രീമതി.കെ.ഉഷയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |
| 4. | ശ്രീമതി.കെ.ആർ.ബേബി സുധ<br>രണ്ടാം ഗ്രേഡ് റീഡർ<br>ഗവ.പ്രസ്സ്, ഷൊർണ്ണൂർ | സ്ഥാനക്കയറ്റം<br>ഒന്നാം ഗ്രേഡ് റീഡർ<br>(41300-87000)<br>ഗവ.സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം | ശ്രീ.സാഗർ ശിവദാസിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ |
| 5. | ശ്രീ.പി.എസ്.പ്രവിത<br>രണ്ടാം ഗ്രേഡ് റീഡർ<br>ഗവ.സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം | സ്ഥാനക്കയറ്റം<br>ഒന്നാം ഗ്രേഡ് റീഡർ<br>(41300-87000)<br>ഗവ.സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം | ശ്രീ.വി.ബൈജു ലാലിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ |
| 6. | ശ്രീ. കെ.ദേവരാജൻ<br>രണ്ടാം ഗ്രേഡ് റീഡർ<br>ഗവ. പ്രസ്സ്, കണ്ണൂർ | സ്ഥലംമാറ്റം<br>രണ്ടാം ഗ്രേഡ് റീഡർ<br>ഗവ.പ്രസ്സ്, ഷൊർണ്ണൂർ<br>(അപേക്ഷ പ്രകാരം) | ശ്രീമതി.കെ.ആർ.ബേബി സുധയ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ |
| 7. | ശ്രീമതി. ശോഭിത.കെ<br>രണ്ടാം ഗ്രേഡ് റീഡർ | സ്ഥലംമാറ്റം<br>രണ്ടാം ഗ്രേഡ് റീഡർ | ശ്രീ.കെ.ദേവരാജന് സ്ഥലംമാറ്റം നൽകിയ |

| | | | |
|---|---|---|---|
| | ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | ഗവ.പ്രസ്സ്, കണ്ണൂർ (അപേക്ഷ പ്രകാരം) | ഒഴിവിൽ |

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ അവരെ നിയമിക്കപ്പെട്ട കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻതന്നെ വിടുതൽ ചെയ്യേണ്ടതാണ്. സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. സ്ഥലംമാറ്റം/സ്ഥാനക്കയറ്റം സംബന്ധിച്ച് ആക്ഷേപമുള്ളപക്ഷം പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 7 (ii) പ്രകാരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം/
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ/
അസിസ്റ്റന്റ് സൂപ്രണ്ട്, ഗവ.പ്രസ്സ്, കണ്ണൂർ.
പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ/
ഓഫീസ് മാനേജർ/സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട് ഇ II/
എച്ച്.സി, ജിസിപി ഇ/ജിസിപി ഇ 1/എ 9 സീറ്റ്/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എസ്.കെ.